## വിശ്വാസപരിശീലന പ്രതിജ്ഞ

ദൈവം എന്റെ സ്നേഹപിതാവും / ഞാൻ അവിടുത്തെ മകനും (മകളും) ആണ്/ ദൈവപുത്രനായ ഈശോ / ഏക രക്ഷകനും എന്റെ കർത്താവുമാണ് / പരിശുദ്ധാത്മാവായ ദൈവം / എന്റെ പരിപാലകനാണ് / ഈശോയെപ്പോലെ / പ്രായത്തിലും ജ്ഞാനത്തിലും / ദൈവത്തിന്റെയും മനുഷ്യരുടെയും / പ്രീതിയിലും വളരാൻ / ഞാൻ സർവ്വാത്മനാ പരിശ്രമിക്കുന്നതാണ് / തിരുസഭ എന്റെ മാതാവാണ് / തിരുസഭയുടെ കല്പനകളും പ്രബോധനങ്ങളും / അനുസരിച്ച് ജീവിക്കുന്നതിൽ / ഞാൻ അഭിമാനംകൊള്ളുന്നു / എന്റെ മാതൃരാജ്യമായ ഭാരതത്തെയും / എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും / ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു / ദൈവമാതാവായ / പരിശുദ്ധ കന്യകാമറിയത്തിന്റെയും / വി. യൗസേപ്പിതാവിന്റെയും / സകലവിശുദ്ധരുടെയും / എന്റെ കാവൽ മാലാഖയുടെയും മാധ്യസ്ഥത്താൽ / ജീവിതകാലം മുഴുവനും / ഈശോമിശിഹായുടെ / സജീവസാക്ഷിയായി വളരുവാൻ പരിശ്രമിക്കുമെന്ന് / ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ആമ്മേൻ.